**SUPERVISORY DEVELOPMENT CENTRE**
**(Dept. Of Tech. Edn., Govt.of Kerala)**
HMT Jn., NAD Road
Kalamassery - 683 104
Ph: 2556530, Fax : 2556530

*Ref :-* No.A1/CS/2014 *Date :-* 27.08.2014

പ്രസിദ്ധീകരണത്തിന്/പ്രക്ഷേപണത്തിന്
എൻജിനീയറിംഗ് ഡിഗ്രി/ഡിപ്ളോമക്കാർക്ക് അപ്രന്റീസ് ട്രെയ്നിംഗിന് അവസരം

സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ/സ്വകാര്യ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് ഗ്രാജുവേറ്റ്/ടെക്നീഷ്യൻ അപ്രന്റീസുകളെ തെരഞ്ഞെടുക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ചെന്നൈയിലെ ദക്ഷിണ മേഖലാ ബോർഡ് ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയ്നിംങ്ങും സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശേരി സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററും ചേർന്ന് താഴെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം അപ്രന്റീസ് ട്രെയ്നികളുടെ തെരഞ്ഞെടുപ്പ് നടത്തുന്നു. ബിടെക് യോഗ്യതയുള്ളവർ രാവിലെ 9 മണിക്കും ഡിപ്ളോമ യോഗ്യതയുള്ളവർ ഉച്ചയ്ക്ക് 2 മണിക്കും അതതു സെന്ററിൽ ഹാജരാകേണ്ടതാണ്. സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ തുടങ്ങി എല്ലാ ബ്രാഞ്ചുകളിലുമായി ഏകദേശം 500-ാളം ഒഴിവുകൾ പ്രതീക്ഷിക്കുന്നു.

| Sl No. | Venue | Category | Date &Time |
|---|---|---|---|
| 1 | Albertian Institute of Science and Technology, Kalamassery | Degree | 27/09/2014,10 am; Saturday |
| 2. | Women's Polytechnic College Kaimanam, Thiruvananthapuram | Degree | 09/10/2014, 10 am; Thursday |
| | | Diploma | 09/10/2014, 2 pm; Thursday |
| 3. | J D T Islam Polytechnic College, Vellimadukunnu, Kozhikode | Degree | 15/11/2014, 10 am; Saturday |
| | | Diploma | 15/11/2014, 2 pm; Saturday |

എൻജിനീയറിംഗ് /ടെക്നോളജിയിൽ ഡിഗ്രി /പോളിടെക്നിക് ഡിപ്ളോമ ഉള്ളവർക്ക് (പ്രസ്തുത യോഗ്യത നേടി മൂന്നു വർഷം കഴിയാത്തവർക്കും അപ്രന്റീസ് ആക്ട് പ്രകാരം പരിശീലനം ലഭിക്കാത്തവർക്കും) ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഡിപ്ളോമക്കാർക്ക് കുറഞ്ഞത് 2530 രൂപയും ഡിഗ്രിക്കാർക്ക് 3560 രൂപയും പ്രതിമാസം സ്റ്റൈപന്റായി ലഭിക്കും. ട്രെയ്നിംഗിനു ശേഷം കേന്ദ്രഗവൺമെന്റ് നൽകുന്ന പ്രൊവിഷ്യൻസി സർട്ടിഫിക്കറ്റ് അഖിലേന്ത്യ തലത്തിൽ തൊഴിൽ പരിചയമായി പരിഗണിച്ചിട്ടുള്ളതാണ്. എസ്.ഡി .സെന്ററിലെ രജിസ്ട്രേഷൻ കാർഡ്, സർട്ടിഫിക്കറ്റുകളുടേയും മാർക്ക്ലിസ്റ്റുകളുടെയും ഒറിജിനലും മൂന്നു കോപ്പികളും വിശദമായ ബയോഡാറ്റയുടെ മൂന്ന് കോപ്പികളും സഹിതം നിശ്ചിത ദിവസം ഹാജരാകേണ്ടതാണ്. ഡിഗ്രിക്കാർ രാവിലെ 9 മണിക്കും ഡിപ്ളോമക്കാർ ഉച്ചയ്ക്ക് 2 മണിക്കും അതത് സെന്ററുകളിൽ ഹാജരാകണം. താത്പര്യമുള്ളവർക്ക് മൂന്നു സെന്ററുകളിലും പങ്കെടുക്കാവുന്നതാണ്. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ സൂപ്പർവൈസറി ഡവലപ്മെന്റ് സെന്ററിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ ഫോം എസ്. ഡി . സെന്ററിന്റെ സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന കമ്പനികളുടെയും ഒഴിവുകളുടെയും വിവരങ്ങൾ സെപ്തംബർ 25-ന് www.sdcentre.org , www.aisat.ac.in എന്നീ സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ബേബി പി പി
അസിസ്റ്റന്റ് ഡയറക്ടർ

SUPERVISORY DEVELOPMENT CENTRE
DEPARTMENT OF TECHNICAL EDUCATION
KALAMASSERY-683104